# പുതിയ പാഠങ്ങളും മാതൃകകളും കാണിച്ചുതന്ന എന്റെ പ്രിയ പത്നി

ഫാ. ഡോ. കെ. എം. ജോർജ്ജ്



30 വർഷങ്ങൾ എന്നോടൊപ്പം ജീവിച്ച എന്റെ ജീവിതപങ്കാളിയുടെ യാത്രയയപ്പിലാണ് നാമിന്ന് സംബന്ധിച്ചത്. ദൈവത്തോടും മനുഷ്യരോടുമുള്ള സത്യസന്ധതയും വിശ്വസ്തതയും സ്നേഹവും എന്താണ് എന്ന് എനിക്ക് പുതിയ പാഠങ്ങൾ പഠിപ്പിച്ചുതന്ന ഒരാളായിരുന്നു എന്റെ പ്രിയ പത്നി.

ഞങ്ങൾ തമ്മിൽ വലിയ അഭിപ്രായഭിന്നതകൾ ഒന്നും ഉണ്ടായിട്ടില്ല. ഒരുമിച്ചു നിൽക്കുന്നതിനും, മനുഷ്യർക്കു വേണ്ടിയും സഭയ്ക്കു വേണ്ടിയും എളിയ കാര്യങ്ങളൊക്കെ ചെയ്യുന്നതിനും എന്റെ എല്ലാ ശ്രമങ്ങളിലും എനിക്ക് ഉപദേശവും മാർഗ്ഗദർശനവും എന്റെ പ്രിയ പത്നി നൽകിയിരുന്നു എന്നുള്ളത് ഞാനിപ്പോൾ നന്ദിയോടെ ഓർക്കുന്നു.

നമ്മുടെ ബാഹ്യമായ വിദ്യാഭ്യാസത്തേക്കാൾ കൂടുതലായിട്ട് വിവേകവും മനുഷ്യസ്നേഹവും നല്ല ബന്ധങ്ങളുംകൊണ്ട് പുതിയ മാതൃകകൾ എന്റെ ജീവിതത്തിൽ എനിക്ക് കാണിച്ചുതന്നു. ഇതൊക്കെയും പരസ്യമായിട്ട് സാക്ഷ്യമായിട്ട് ഞാൻ പറയുകയാണ്. ദൈവത്തിന്റെ സന്നിധിയിൽ അക്കാര്യത്തിൽ എനിക്ക് വളരെയേറെ നന്ദിയുണ്ട്.

ഇന്നിവിടെ സന്നിഹിതനാകാതെ ആശുപത്രിയിൽ കഴിയുന്ന കോട്ടയം ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്താ അഭിവന്ദ്യനായ ഈവാനിയോസ് തിരുമേനി മൂന്നു പ്രാവശ്യം രോഗസൗഖ്യത്തിനുവേണ്ടി തൈലാഭിഷേകം നടത്തി. രണ്ടു പ്രാവശ്യവും അത്ഭുതകരമായ സൗഖ്യമുണ്ടായി. മൂന്നാം പ്രാവശ്യം ദൈവത്തിന്റെ ഇഷ്ടമാണ് എന്ന് ഞങ്ങൾക്കും അറിയാമായിരുന്നു. എങ്കിലും തിരുമേനി തൈലാഭിഷേകം നടത്തുകയും ദേവലോകം അരമന അസി. മാനേജരായിരിക്കുന്ന ജോമോൻ അച്ചൻ പിറ്റേദിവസം വി. കുർബ്ബാന കൊടുക്കുകയും ചെയ്തു. എല്ലാതരത്തിലും ഒരുക്കത്തോടുകൂടിയാണ് ഈ പ്രിയ സഹോദരി ഇവിടെനിന്നു കടന്നുപോയത്.

ക്യാൻസർ രോഗം ആരംഭിച്ചിട്ട് ഏഴു വർഷമായി. ഇത് ഞങ്ങൾക്ക് ഒരു ആത്മീയ സമരമായിരുന്നു. ആദ്യത്തെ ഷോക്ക് അങ്ങോട്ടു കഴിഞ്ഞപ്പോൾ, വൈദ്യന്മാരുടെ സാമർത്ഥ്യമോ മരുന്നിന്റെ ശക്തിയോ കൊണ്ടൊന്നുമല്ല ഈ രോഗത്തിൽ നിന്നു കര കയറാൻ സാധിക്കുന്നതെന്ന് ഞങ്ങൾക്ക് രണ്ടു പേർക്കും വ്യക്തമായി. അപ്പോഴാണ് ആ ചെറിയ പുസ്തകം ('എന്റെ കൃപ നിനക്കു മതി') രചിച്ചത്. ദൈവത്തിന്റെ കൃപയും നമ്മുടെ മനസ്സിന്റെ ശക്തിയും ഒരുമിച്ചുപയോഗിച്ച്, ആറു മാസമെന്ന് ഡോക്ടർമാർ വിധി കല്പിച്ച ഒരു രോഗത്തെ ഏഴു വർഷത്തിലധികം മറികടന്നു എന്നുള്ളതാണ് സത്യം. അതിനിടയിൽ ഒത്തിരി നല്ല കാര്യങ്ങൾ ചെയ്യാൻ സാധിച്ചു. എളിയ കാര്യങ്ങളാണെന്നു തോന്നാം; എന്നാൽ ഞങ്ങളുടെ ജീവിതത്തിൽ അത് വലിയ പ്രകാശം പരത്തിയ സന്ദർഭങ്ങളായിരുന്നു.

എല്ലാവരെയും ഞാൻ ഈ സന്ദർഭത്തിൽ ഓർക്കണം. ഞാൻ വളരെ ദൂരത്ത് ഒരു പള്ളിയിൽ ചെന്നു. വി. കുർബ്ബാന അണയ്ക്കുവാൻ എന്റെ കയ്യിൽ തക്സാ ഇല്ലാതിരുന്നതുകൊണ്ട് അവിടുത്തെ അച്ചന്റെ തക്സാ വാങ്ങിച്ച് (ഞാൻ പഠിപ്പിച്ച അച്ചൻ പോലുമല്ല)

തൂയോബോയ്ക്കു വേണ്ടി തുറന്നപ്പോൾ അതിനകത്ത് ചില രോഗികളുടെ പേരുകൾ കണ്ടു. അതിൽ ആദ്യത്തെ പേര് ഇപ്പോൾ നമ്മൾ യാത്രയയച്ച ഈ സഹോദരിയുടേതായിരുന്നു. എന്റെ ഹൃദയം വളരെ കുളിർത്തു. ഇങ്ങനെ അദൃശ്യമായ സ്ഥലങ്ങളിൽ നിന്നൊക്കെ ആളുകൾ പ്രാർത്ഥിക്കുന്നുണ്ടായിരുന്നു. ഇതിലൂടെ രോഗം എന്നു പറയുന്നത് ഒരു അനുഗ്രഹത്തിന്റെ മാർഗ്ഗമാണ് എന്ന് ഒരുമിച്ചു പറയുവാൻ തക്കവിധമുള്ള ഒരു അനുഭവത്തിലൂടെ ദൈവം ഞങ്ങളെ കടത്തിക്കൊണ്ടുപോയി. രോഗം അനുഗ്രഹമാണ് ശാപമല്ല എന്നു നമുക്ക് പറയുവാൻ സാധിക്കുന്നവിധം ദൈവം കാരുണ്യപൂർവ്വം ഞങ്ങളെ അനുഗ്രഹിച്ചു. അതുകൊണ്ട് വളരെ സമാധാനത്തോടു കൂടിയാണ് ഈ പ്രിയ സഹോദരി ഇവിടെനിന്ന് കടന്നുപോയത്. ഞങ്ങൾ എല്ലാവരും ഭവനത്തിൽ ഒരുമിച്ച് കട്ടിലിൽ ഇരിക്കുന്ന സന്ദർഭത്തിൽ ഞങ്ങളുടെ മദ്ധ്യത്തിൽ നിന്ന് വളരെ ശാന്തമായി തന്റെ നിത്യമായ ഭവനത്തിലേക്ക് കടന്നുപോയിരിക്കുകയാണ്. നല്ല പ്രത്യാശയോടും ധൈര്യത്തോടും കൂടിയാണ് ഞാനിത് പറയുന്നത്. എനിക്ക് സങ്കടം ഉണ്ടെങ്കിലും സങ്കടത്തേക്കാൾ ഉപരിയായ പ്രകാശവും പ്രത്യാശയും ദൈവം നൽകിയിരിക്കുന്നു.

ഞങ്ങൾ ചികിത്സിച്ചുകൊണ്ടിരുന്ന കാരിത്താസ് ആശുപത്രിയിലെ ഡോക്ടർമാരും നഴ്സുമാരും മറ്റ് സിസ്റ്റേഴ്സും അവിടെ ചികിത്സയ്ക്കു വരുന്ന രോഗികളും എല്ലാംതന്നെ ഞങ്ങളുടെ സ്നേഹിതരായിത്തീർന്നു. അതിലൂടെ ഒത്തിരി നല്ല സ്നേഹബന്ധങ്ങൾ ഉണ്ടായി. ഞാൻ താമസിക്കുന്ന ദേവലോകത്ത് പടിഞ്ഞാറുവശത്ത് പത്തുപതിനാലു വീട്ടുകാർ ഉണ്ട്. മുസ്ലീങ്ങളുണ്ട്, ഹിന്ദുക്കളുണ്ട്, കത്തോലിക്കരുണ്ട്, ഓർത്തഡോക്സുകാരുണ്ട്. പക്ഷേ, ഞങ്ങളെല്ലാവരും കൂടി ഉള്ള ഒരു വലിയ കൂട്ടായ്മയുണ്ട്. അതുകൊണ്ട് എനിക്കൊരു ബുദ്ധിമുട്ടും വന്നില്ല. ഈ രോഗമുള്ള അവസരങ്ങളിലൊക്കെ എന്നെ സഹായിക്കാനും ഭക്ഷണം തയ്യാറാക്കാനും രോഗിയെ ശുശ്രൂഷിക്കാനുമൊക്കെ ആളുകൾ ഉണ്ടായിരുന്നു. അതുപോലെ ഞങ്ങളുടെ രണ്ടു കുടുംബത്തിലുംപെട്ട ബന്ധുക്കൾ വളരെയധികം കഷ്ടപ്പെടുകയും സഹായിക്കുകയും ചെയ്തു. ഇതൊക്കെ ഒരു അവസരം കിട്ടിയതുകൊണ്ട് ഞാൻ നന്ദിയോടെ പറയുകയാണ്.

ഇത് എന്റെ ഇടവകപ്പള്ളിയാണ്. ഞാൻ വളരെ സ്നേഹിക്കുന്ന ഒരു പള്ളിയാണ്. എന്റെ ഭാര്യയും ഈ പള്ളിയെ വളരെയേറെ സ്നേഹിച്ചിരുന്നു. ഇവിടെ കബറു പണിയുന്നതിനെക്കുറിച്ച്, കബർ ഭംഗിയായി സൂക്ഷിക്കുന്നതിനെക്കുറിച്ച് എനിക്ക് വലിയ താല്പര്യമില്ലാത്ത സന്ദർഭത്തിൽപോലും അതിനെക്കുറിച്ച് എന്നെ ഓർമ്മിപ്പിച്ചുകൊണ്ടിരുന്ന ആളാണ്. എന്റെ മാതാവും പിതാവും മരിച്ചു കഴിഞ്ഞ് ഇനി നമ്മളിൽ ആരാണ് അടുത്തത് പോകുന്നതെന്ന് പലപ്പോഴും ചോദിക്കുമായിരുന്നു. അതുകൊണ്ട് വളരെ ഒരുക്കത്തോടുകൂടി ഈ പള്ളിയോടുള്ള ആത്മബന്ധത്തിൽ ഈ പള്ളിയുടെ നിത്യമായ പ്രശാന്തതയിലേക്ക് ഈ സഹോദരി കടന്നുപോയിരിക്കുന്നു.

***(മിസ്സിസ് മറിയം ജോർജ്ജിന്റെ ശവസംസ്കാര ശുശ്രൂഷയിൽ നടത്തിയ നന്ദി പ്രകടനത്തിലെ പ്രസക്ത ഭാഗങ്ങൾ)***